Draft #1 of File AD A1/2/63/2022 Approved by ASSISTANT REGISTRAR I (ADMIN) on 13-Mar-2022 05:41 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം - സർവ്വകലാശാലയുടെ ഡിജിറ്റൈസേഷന്റെ ഉന്നമനത്തിനായുള്ള ഇ-ഗവേണൻസ് മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2588/AD A1/2022/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 14.03.2022

---

*പരാമർശം:*-1.UO No:631/AI/2/2013/Admn Dated: 01.02.2013
2.NAD -Digi Locker സംബന്ധിച്ച് രജിസ്ട്രാറുടെ കാര്യാലയത്തിൽ 21.12.2021 ൽ കൂടിയ യോഗത്തിന്റെ ശുപാർശകൾ.

**ഉത്തരവ്**

സർവ്വകലാശാലയിൽ ഇ-ഗവേണൻസ് സ്കീം നടപ്പിലാക്കുന്നതിനായി നിർവ്വഹണ സമിതിയെയും വർക്കിംഗ് ഗ്രൂപ്പിനെയും രൂപീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവകലാശാലയുടെ ഇ-ഗവേണൻസിന്റെ ഭാഗമായുള്ള പരാമർശം (1) പ്രകാരം രൂപീകരിച്ച യൂണിവേഴ്സിറ്റി ലെവൽ ഇമ്പ്ലിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മറ്റി (UIMC) യോഗം കുറച്ചുനാളുകൾ ആയി കൂടുന്നില്ലായെന്നതും ഇതിലെ അംഗങ്ങൾ മാറിയതും പരിഗണിച്ച്, പ്രസ്തുത മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ച് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് പരാമർശം (2) പ്രകാരമുള്ള യോഗം ശുപാർശ ചെയ്തിരിക്കുന്നു.

മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകൾ പരിഗണിച്ച്, താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ പുനഃസംഘടിപ്പിച്ചു കൊണ്ട് ബഹു.വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് പുതിയതായി പുനഃ സംഘടിപ്പിച്ച നിർവ്വഹണ സമിതിയിൽ (Implementation Committee) താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു.

- വൈസ് ചാൻസലർ
- പ്രൊ-വൈസ് ചാൻസലർ
- അഡ്വ.റെജി സക്കറിയ ( സിൻഡിക്കേറ്റ് അംഗം )
- ഡോ.ഷജില ബീവി എസ്.(സിൻഡിക്കേറ്റ് അംഗം )
- വകുപ്പ് തലവൻ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
- രജിസ്ട്രാർ
- പരീക്ഷ കൺട്രോളർ
- ഫിനാൻസ് ഓഫീസർ
- ഐ.ടി.സെൽ ഡയറക്ടർ

2. പുതിയതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു.

- രജിസ്ട്രാർ ( കൺവീനർ )
- ജോയിന്റ് രജിസ്ട്രാർ -1(ഭരണ വിഭാഗം )
- ഡെപ്യൂട്ടി രജിസ്ട്രാർ (പി &ഡി )
- ഐ.ടി.സെൽ ഡയറക്ടർ
- സെക്ഷൻ ഓഫീസർ (ഐ.ടി.സെൽ )
- പരീക്ഷാ കൺട്രോളറുടെ പി.എ.
- സെക്ഷൻ ഓഫീസർ (കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2.വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5.ജോയിൻറ്ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പി.ആർ.ഒ./കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ /ഐ.ക്യു.എ.സി./ഐ.ടി.സെൽ
7. യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8.റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AD A1/2/63/2022 Approved by ASSISTANT REGISTRAR I (ADMIN) on 13-Mar-2022 05:41 PM - Page 2